**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1223

21.3.2013 ൽ മറുപടിയ്ക്ക്

## നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചു വരുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. സംസ്ഥാന വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) വിലവർദ്ധന നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ ; വിപണിയിൽ ഇടപെട്ട ഇനത്തിൽ സപ്ലൈകോ, കൺസ്യൂമർഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള തുക എത്ര ; | ബി) വിലവർദ്ധന നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം പൊതുവിപണിയിൽ ഉണ്ടാകുന്ന വിലവർദ്ധനവ് ഒരു പരിധി വരെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിപണിയിൽ ഇടപെട്ട ഇനത്തിൽ സപ്ലൈകോയ്ക്ക് 2013 ജനുവരി വരെ 96.15 കോടി രൂപയും കൺസ്യൂമർഫെഡിന് 43.052 കോടി രൂപയും കൊടുത്തു തീർക്കാനുണ്ട്. |
| സി) സപ്ലൈകോ വഴി വിറ്റഴിക്കുന്ന വസ്തുക്കളുടെ വിലവർദ്ധിപ്പിച്ചത് പൊതുമാർക്കറ്റിൽ വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; നിത്യോപയോഗ സാധനങ്ങൾ ഓരോന്നിനും സപ്ലൈകോയുടെയും പൊതു മാർക്കറ്റിലേയും വിലകൾ സംബന്ധിച്ച അന്തരം വിശദമാക്കാമോ : | സി) സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന അവശ്യഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മാവേലി സ്റ്റോറുകളിൽ വിൽപ്പന കുറവായ ഇനങ്ങളായ കടുക്, ജീരകം, ഉലുവ, പീസ്പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്. (ഈ ഇനങ്ങൾക്ക് സബ്സിഡി ഒഴിവാക്കിയതിനാൽ വില വർദ്ധിച്ചിട്ടുണ്ട്). എന്നാൽ ഈ ഇനങ്ങളുടെ വിൽപ്പനവില പൊതു വിപണിവിലയേക്കാൾ 25%- 40% വരെ കുറവാണ്. ഇതിനുപകരം വിൽപ്പന കൂടുതലായ ജയ അരി, കുറുവ അരി, പച്ചരി, വെളിച്ചെണ്ണ എന്നിവ സബ്സിഡി നൽകുന്ന 13 ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013 മാർച്ച് മാസത്തിലെ അവശ്യ ഭക്ഷ്യവസ്തുക്കളുടെ സപ്ലൈകോ വിലയും ശരാശരി പൊതുവിപണി വിലയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. |

| നം. | ഇനം | സപ്ലൈകോ വില (കി.ഗ്രാമിന്) | ശരാശരി പൊതു വിപണി വില (കി.ഗ്രാമിന്) |
|---|---|---|---|
| 1 | ഉഴുന്ന് (ബോൾ) | 36.00 | 69.20 |
| 2 | ചെറുപയർ | 49.00 | 73.00 |
| 3 | വൻകടല | 44.00 | 65.40 |
| 4 | തുവരപരിപ്പ് | 34.00 | 73.00 |
| 5 | വൻപയർ | 26.50 | 60.00 |
| 6 | മുളക് | 45.00 | 92.40 |
| 7 | മല്ലി | 45.90 | 84.60 |
| 8 | പഞ്ചസാര | 25.00 | 34.60 |
| 9 | മട്ട അരി | 16.00 | 36.25 |
| 10 | പച്ചരി | 16.00 | 26.80 |
| 11 | ജയ അരി | 21.00 | 34.00 |
| 12 | കുറുവ അരി | 19.00 | 33.00 |
| 13 | വെളിച്ചെണ്ണ | 62.00 | 85.00 |
| 14 | ഉഴുന്ന് പിളർന്നത് | 43.90 | 62.00 |
| 15 | ഉഴുന്ന് പരിപ്പ് | 50.30 | 64.25 |
| 16 | പീസ്പരിപ്പ് | 36.50 | 46.00 |
| 17 | വൻപയർ (ചുവപ്പ്) | 57.70 | 72.80 |
| 18 | ജീരകം | 164.60 | 232.00 |
| 19 | കടുക് | 48.20 | 73.00 |
| 20 | ഉലുവ | 41.30 | 67.00 |

ഡി) സംസ്ഥാനത്തെ പൊതു വിതരണശൃംഖല ശക്തിപ്പെടുത്തിയും, വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിച്ചും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ തയ്യാറാകുമോ ?

ഡി) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുകയും നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. റേഷൻ കടകൾ വഴി ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുന്നു. കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്നതിനായി പൊതുവിതരണ ശൃംഖലകളിലും പൊതുകമ്പോളത്തിലും ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി വരികയും അവശ്യസാധന നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.പി.എൽ /എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം. 35 കി. ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിലും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് രണ്ട് രൂപ നിരക്കിൽ 9 കി.ഗ്രാം അരി വിതരണം ചെയ്യുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് 2 രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും എ.പി.എൽ കാർഡുടമകൾക്ക് 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും എ.പി.എൽ സബ്സിഡി കാർഡുകാർക്ക് 2 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നൽകുന്നു. കൂടാതെ 4 മാസത്തക്ക് ജനുവരി മുതൽ ഏപ്രിൽ വരെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുടമകൾക്ക് 25 കി.ഗ്രാം അരി 1 രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് പുറമെ 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപയ്ക്കും വിതരണം ചെയ്യുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 6.20 രൂപ നിരക്കിൽ 19 കി.ഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കി.ഗ്രാം ഗോതമ്പും നൽകുന്നു. പൊതു വിപണിയിലെ നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി . ഇതുപ്രകാരം -

1. നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തു ന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വക മാവേലി/ സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു.
2. പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം അരി(മട്ട, പച്ചരി)ക്ക് കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും പ്രതിമാസം കാർഡൊന്നിന് 20 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു. കൂടാതെ ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ. പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നു.
3. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിന് പുറമെ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.
4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗസാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.
5. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.
6. എ.ആർ.ഡി. ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.
7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം. സി.ജി സാധനങ്ങൾ എം.ആർ.പി യെക്കാളും ശരാശരി 10% വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ എം.ആർ.പി യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
8. പൊതുവിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ. വെളിച്ചെണ്ണ, കായം, വാളൻ പുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.
9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

കൺസ്യൂമർഫെഡിന്റെ 242 ത്രിവേണിസ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന 1250 ഓളം നീതി സ്റ്റോറു കളിലൂടെയും. കണസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും, സഹകരണസംഘങ്ങൾ നടത്തുന്നവയുമായ 1894 നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിച്ചു വരുന്നു.

Beena

സെക്ഷൻ ഓഫീസർ